# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ളുവൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**മലപ്പുറം-676505**

**ഇ-മെയിൽ: dompm.ksad@kerala.gov.in**

**ഫോൺ : 0483-2734951**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.24/1755/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 02/12/2021
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇരുവൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ഇരുവൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇരുവൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം.24/1755/2021 തീയ്യതി: 02/12/2021

## മലപ്പുറം ജില്ലയിലെ ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 17-10-2019 മുതൽ 15-10-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 30-10-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 18-10-2021 | 30-10-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 18-10-2021 | 30-10-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.ടി.പി അബ്ദുൽ ജലീൽ, ഓഡിറ്റ് ഓഫീസർ
ശ്രീ.മുഹമ്മദ് സലീം.ടി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി അസീന.എ.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.അമീൻ ഫൈസൽ.ടി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ഷജീർ.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| | | | |
|---|---|---|---|

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ബാലകൃഷ്ണൻ തെറ്റത്ത് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

**നിർവ്വഹണഉദ്യോഗസ്ഥർ**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സുധീർകുമാർ ആളൂർ | സെക്രട്ടറി അഡിഷണൽ ചാർജ്ജ് | 01-04-2019 | 30-04-2019 |
| ശ്രീ.ഷാനിർ.കെ | സെക്രട്ടറി | 01-05-2019 | 31-03-2020 |
| ശ്രീമതി ബബിത.കെ.ഒ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ.രാജൻ.എം.ജി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 15-04-2019 |
| ശ്രീമതി അരുണി കെ വേണു | അസിസ്റ്റന്റ് എഞ്ചിനീയർ | 16-04-2019 | 12-06-2019 |
| ശ്രീ.സിനിമോൻ സി.എച്ച് | അസിസ്റ്റന്റ് എഞ്ചിനീയർ | 13-06-2019 | 06-12-2019 |
| ശ്രീമതി അരുണി കെ വേണു | അസിസ്റ്റന്റ് എഞ്ചിനീയർ | 07-12-2019 | 24-01-2020 |
| ശ്രീ.ഷിജുകുമാർ.എസ്.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ അഡിഷണൽ ചാർജ്ജ് | 25-01-2020 | 31-03-2020 |
| ഡോ.സിന്ദുൽ.എൻ.എൻ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2019 | 31-03-2020 |
| ഡോ.അബ്ദുൽ അസീസ് | മെഡിക്കൽ ഓഫീസർ, പി എച്ച് സി | 01-04-2019 | 31-03-2020 |
| ഡോ. ലീന കെ നായർ | വെറ്ററിനറി സർജൻ | 01-04-2019 | 26-08-2019 |
| ഡോ.അജയകുമാർ പി.എൻ | വെറ്ററിനറി സർജൻ | 27-08-2019 | 31-03-2020 |
| ശ്രീ.ഷെരീഫ് അഹമ്മദ് | വി.ഇ.ഒ | 01-04-2019 | 26-01-2020 |
| ശ്രീ.ജോസ് കുട്ടി | ഹെഡ്മാസ്റ്റർ | 01-04-2019 | 05-06-2019 |
| ശ്രീമതി റാബിയ.കെ | ഹെഡ്മിസ്ട്രസ് | 06-06-2019 | 31-03-2020 |
| ശ്രീമതി ദിവ്യ എൻ.ജി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| | | 27-01-2020 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീമതി ശുഭ കെ.പി | വി.ഇ.ഒ. | | |
| ശ്രീമതി സലീന ജോസഫ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 31-03-2020 |

**ഉള്ളടക്കം**


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Shajeer.K (Senior Grade Auditor, On 28-10-2021)<br>Last Updated By: Unni.P (Deputy Director, On 24-11-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Muhammed Saleem T (Asst. Audit Officer, On 28-10-2021)<br>Last Updated By: Muhammed Saleem T (Asst. Audit Officer, On 28-10-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Muhammed Saleem T (Asst. Audit Officer, On 26-10-2021)<br>Last Updated By: Muhammed Saleem T (Asst. Audit Officer, On 26-10-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: ASEENA.A.P (Asst. Audit Officer, On 25-10-2021)<br>Last Updated By: Unni.P (Deputy Director, On 02-12-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: ASEENA.A.P (Asst. Audit Officer, On 26-10-2021)<br>Last Updated By: Unni.P (Deputy Director, On 24-11-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Muhammed Saleem T (Asst. Audit Officer, On 28-10-2021)<br>Last Updated By: ASEENA.A.P (Asst. Audit Officer, On 28-10-2021) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Muhammed Saleem T (Asst. Audit Officer, On 28-10-2021)<br>Last Updated By: ASEENA.A.P (Asst. Audit Officer, On 28-10-2021) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Shajeer.K (Senior Grade Auditor, On 28-10-2021)<br>Last Updated By: Shajeer.K (Senior Grade Auditor, On 28-10-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Muhammed Saleem T (Asst. Audit Officer, On 28-10-2021)<br>Last Updated By: Muhammed Saleem T (Asst. Audit Officer, On 28-10-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: ASEENA.A.P (Asst. Audit Officer, On 28-10-2021)<br>Last Updated By: ASEENA.A.P (Asst. Audit Officer, On 28-10-2021) | 1-10 |
| 11 | വാർഷിക ധനകാര്യ പത്രിക അപാകതകൾ<br>Written By: Muhammed Saleem T (Asst. Audit Officer, On 30-10-2021)<br>Last Updated By: ASEENA.A.P (Asst. Audit Officer, On 31-10-2021) | 1-11 |
| 12 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.<br>Written By: Shajeer.K (Senior Grade Auditor, On 31-10-2021)<br>Last Updated By: Unni.P (Deputy Director, On 24-11-2021) | 1-12 |
| 13 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.<br>Written By: Shajeer.K (Senior Grade Auditor, On 31-10-2021)<br>Last Updated By: Unni.P (Deputy Director, On 24-11-2021) | 1-13 |
| 14 | മൊബൈൽ ടവറിന്റെ വസ്തു നികുതി ഈടാക്കിയില്ല<br>Written By: Shajeer.K (Senior Grade Auditor, On 31-10-2021)<br>Last Updated By: Unni.P (Deputy Director, On 24-11-2021) | 1-14 |
| 15 | ലൈബ്രറികളിലെ പത്രവിതരണച്ചെലവുകൾ ഗ്രാമപഞ്ചായത്ത് വഹിക്കുന്നത് നിയമപരമല്ല.<br>Written By: Muhammed Saleem T (Asst. Audit Officer, On 28-10-2021)<br>Last Updated By: Muhammed Saleem T (Asst. Audit Officer, On 28-10-2021) | 1-15 |
| 16 | വീട് വാസയോഗ്യമാക്കൽ - ഗുണഭോക്താക്കൾക്ക് അർഹമായ ആനുകൂല്യം നൽകുന്നില്ല.<br>Written By: ASEENA.A.P (Asst. Audit Officer, On 30-10-2021)<br>Last Updated By: Unni.P (Deputy Director, On 24-11-2021) | 1-16 |
| 17 | എസ്.എസ്.എ വിഹിതം നൽകൽ - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല<br>Written By: ASEENA.A.P (Asst. Audit Officer, On 30-10-2021)<br>Last Updated By: Unni.P (Deputy Director, On 24-11-2021) | 1-17 |
| 18 | തുല്യത പരീക്ഷ - പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: ASEENA.A.P (Asst. Audit Officer, On 30-10-2021) | 1-18 |

| | | |
|---|---|---|
| | Last Updated By: Unni.P (Deputy Director, On 24-11-2021) | |
| 19 | എൻആർഇജിഎസ് വേതനം അഡ്മിൻ ഫണ്ടിൽനിന്ന് ക്രമീകരിച്ചില്ല<br>Written By: Muhammed Saleem T (Asst. Audit Officer, On 30-10-2021)<br>Last Updated By: Unni.P (Deputy Director, On 24-11-2021) | 1-19 |
| 20 | നിർമാണ തൊഴിലാളി ക്ഷേമനിധി; കളക്ഷൻ ചാർജ് ഈടാക്കുന്നില്ല.<br>Written By: T.P.Abdul Jaleel (Audit Officer, On 30-10-2021)<br>Last Updated By: Unni.P (Deputy Director, On 24-11-2021) | 1-20 |
| 21 | പട്ടികജാതി വികസന ഫണ്ട് _ 238032/- രൂപ വകമാറ്റി ചെലവഴിച്ചു.<br>Written By: Ameen Faisal.T.T (Senior Grade Auditor, On 31-10-2021)<br>Last Updated By: Unni.P (Deputy Director, On 24-11-2021) | 1-21 |
| 22 | ജി.എസ്.ടി- TDS ഈടാക്കേണ്ടതാണ്.<br>Written By: Ameen Faisal.T.T (Senior Grade Auditor, On 31-10-2021)<br>Last Updated By: Unni.P (Deputy Director, On 24-11-2021) | 1-22 |
| 23 | ബസ് സ്റ്റാന്റിനു സ്ഥലമെടുപ്പ് - നിയമോപദേശത്തിനു തുക നൽകി - തുടർനടപടി ഉണ്ടായില്ല.<br>Written By: Muhammed Saleem T (Asst. Audit Officer, On 30-10-2021)<br>Last Updated By: ASEENA.A.P (Asst. Audit Officer, On 01-11-2021) | 1-23 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം<br>Written By: ASEENA.A.P (Asst. Audit Officer, On 24-10-2021)<br>Last Updated By: Unni.P (Deputy Director, On 24-11-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: ASEENA.A.P (Asst. Audit Officer, On 24-10-2021)<br>Last Updated By: Unni.P (Deputy Director, On 24-11-2021) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ<br>Written By: ASEENA.A.P (Asst. Audit Officer, On 25-10-2021)<br>Last Updated By: ASEENA.A.P (Asst. Audit Officer, On 31-10-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: ASEENA.A.P (Asst. Audit Officer, On 25-10-2021)<br>Last Updated By: ASEENA.A.P (Asst. Audit Officer, On 25-10-2021) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: ASEENA.A.P (Asst. Audit Officer, On 25-10-2021)<br>Last Updated By: Unni.P (Deputy Director, On 24-11-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി.<br>Written By: ASEENA.A.P (Asst. Audit Officer, On 25-10-2021)<br>Last Updated By: Unni.P (Deputy Director, On 24-11-2021) | 4-6 |
| 7 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: ASEENA.A.P (Asst. Audit Officer, On 25-10-2021)<br>Last Updated By: ASEENA.A.P (Asst. Audit Officer, On 25-10-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: ASEENA.A.P (Asst. Audit Officer, On 25-10-2021)<br>Last Updated By: Unni.P (Deputy Director, On 02-12-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: ASEENA.A.P (Asst. Audit Officer, On 25-10-2021)<br>Last Updated By: ASEENA.A.P (Asst. Audit Officer, On 01-11-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം.<br>Written By: ASEENA.A.P (Asst. Audit Officer, On 25-10-2021)<br>Last Updated By: Unni.P (Deputy Director, On 24-11-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: ASEENA.A.P (Asst. Audit Officer, On 25-10-2021) | 4-11 |

| | | |
|---|---|---|
| | Last Updated By: Unni.P (Deputy Director, On 25-11-2021) | |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

## ഭാഗം -1

### 1-1 ബജറ്റ്

| 2020-21 ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പർ/ തിയതി | പുതുക്കിയ തീരുമാന നമ്പർ/ തിയതി |
|---|---|
| 1(1)/13.02.2019 | - |

### 1-2 വാർഷിക ധനകാര്യ പത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തിയതി |
|---|---|---|
| 2019-20 | 31-07-2020 | 02.07.2020 |

### 1-3 സാമ്പത്തിക വിശകലനം

| ഇനം | വർഷം (2019-20) |
|---|---|
| മുന്നിരിപ്പ് | 15795767 |
| വരവ് | 62088524 |
| ആകെ | 77884291 |
| ചെലവ് | 61730364 |
| നീക്കിയിരിപ്പ് | 16153927 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 13690225 | 13690225 | 12932661 | 757564 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 9682824 | 9682824 | 7979288 | 1703536 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 220000 | 220000 | 152513 | 67487 |
| സംരക്ഷണ ഗ്രാന്റ്(റോഡ്) | 0 | 8112000 | 8112000 | 2924342 | 5187658 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 4266000 | 4266000 | 3229949 | 1036051 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 11163752 | 11163752 | 5681819 | 5481933 |
| ബി ഫണ്ട് | 0 | 12588580 | 12588580 | 12588580 | 0 |

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തത് (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകൾ (%) |
|---|---|---|---|---|---|---|
| 227 | 80240810 | 141 | 49026345 | 13 | 73 | 62.11% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 14284 | 1019585 | 1033869 | 680096 | 353773 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 13724380 | 13724380 | 13724380 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ

| **ക്ഷേമ പദ്ധതികളുടെ പേര്** | **ചെലവഴിച്ച തുക** | **ഗുണഭോക്താക്കളുടെ എണ്ണം** |
|---|---|---|
| തൊഴിൽ രഹിത വേതനം | 94680 | 789 |
| കർഷകതൊഴിലാളി പെൻഷൻ | 959400 | 260 |
| വിധവാ പെൻഷൻ | 4843800 | 1367 |
| വാർദ്ധക്യകാല പെൻഷൻ | 4837500 | 1433 |
| വികലാഗ പെൻഷൻ | 1283200 | 387 |
| വിവാഹ ധനസഹായം | 270000 | 9 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 300000 | 90 |

## 1-8 ക്യാഷ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.10.21 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ 24353/- രൂപയുടെ നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. ഒന്നിലധികം സബ് വൗച്ചറുകൾ ഉള്ള വൗച്ചറുകളിൽ സബ് വൗച്ചറുകൾക്ക് ക്രമനമ്പർ നൽകി സബ് വൗച്ചറുകൾ ചെലവ് സംഗ്രഹം വൗച്ചർ അനുബന്ധമായി നൽകേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28.09.2021 | 05/21 മുതൽ 07/21വരെ | 01.10.21 |
| എ.ജി. ഓഡിറ്റ് | 30.03.2006 | 1997-98 മുതൽ 2006-07വരെ | 20.06.2007 |

## 1-11 വാർഷിക ധനകാര്യ പത്രിക അപാകതകൾ

വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. എം.എൻ ലക്ഷ്യവീട് പദ്ധതിയിൽ ചെലവഴിക്കാൻ അവശേഷിക്കുന്ന തുക [1197124] ബാധ്യതയായി ബുക്ക് ചെയ്യിട്ടില്ല.
2. സംയുക്ത പ്രൊജക്ട് ഇനത്തിൽ (ബ്ലോക്ക് പഞ്ചായത്ത്) ചെലവഴിച്ച തുക (775/-) ബാധ്യതയിൽ നിന്നും നീക്കം ചെയ്യിട്ടില്ല.
3. സംയുക്ത പ്രൊജക്ട് ഇനത്തിൽ (ജില്ലാ പഞ്ചായത്ത്) ചെലവഴിച്ച തുക (125975/-) ബാധ്യതയിൽ നിന്നും നീക്കം ചെയ്യിട്ടില്ല.
4. 340109901 Other Deposits ശീർഷകത്തിൽ തൻവർഷാന്ത്യ ബാധ്യത എഎഫ്എസ് പ്രകാരം 11600രൂപയും ഡെപ്പോസിറ്റ് റജിസ്റ്റർ പ്രകാരം 9600 രൂപയുമണ് .
5. നോൺ റസിഡൻഷ്യൽ വസ്തു നികുതി തൻവർഷ പിരിവ് എഎഫ്എസ് പ്രകാരം 1416380രൂപയും ഡിസിബി പത്രിക പ്രകാരം 1417030 രൂപയുമാണ്.

## 1-12 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം താഴെ സൂചിപ്പിക്കുന്ന സ്ഥാപനങ്ങളുടെ 2019-20 വർഷത്തെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ

| ക്രമ നം | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1. | പറവെട്ടി പെട്രോളിയം | 2019-20 I, II |
| 2. | തുവ്വൂർ പഞ്ചായത്ത് വനിതാ സഹകരണ സംഘം | 2019-20 II |
| 3. | തുവ്വൂർ റൂറൽ സഹകരണ സംഘം ക്ലിപ്തം | 2019-20 II |
| 4. | മിനി മുത്തൂറ്റ് നിധി | 2019-20 II |
| 5. | അസന്റ് മൾട്ടി ഡെന്റൽ കെയർ | 2019-20 II |

പ്രസ്തുത സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കാൻ സ്വീകരിച്ച നടപടിയുടെ വിവരം ഓഡിറ്റിനെ അറിയിക്കാനാവശ്യപ്പെട്ട് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/30.10.**2021 )**മറുപടി നൽകിയിട്ടില്ല.

## 1-13 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

താഴെ സൂചിപ്പിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് 2019-20 വർഷത്തിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ

| ക്രമ നം | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1. | നീലാഞ്ചേരി പോസ്റ്റ് ഓഫീസ് | 2019-20 II |
| 2. | പോസ്റ്റ് ഓഫീസ്, പാലക്കൽ വെട്ട | 2019-20 I,II |
| 3. | | |

| | | |
|---|---|---|
| | സതേൺ റെയിൽവെ , ഉവ്വൂർ | 2019-20 I,II |
| 4. | ഗ്രേസ് ക്ലിനിക്ക്, ഉവ്വൂർ | 2019-20 I,II |
| 5. | സലാമത്ത് ഹോസ്പിറ്റൽ, ഉവ്വൂർ | 2019-20 I,II |
| 6. | ഉവ്വൂർ പഞ്ചായത്ത് വനിതാ സഹകരണ സംഘം | 2019-20 II |
| 7. | ഉവ്വൂർ റൂറൽ സഹകരണ സംഘം ക്ലിപ്തം | 2019-20 II |
| 8. | മിനി മുത്തൂറ്റ് നിധി | 2019-20 II |
| 9. | അസന്റ് മൾട്ടി ഡെന്റൽ കെയർ | 2019-20 II |

പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കാൻ സ്വീകരിച്ച നടപടിയുടെ വിവരം ഓഡിറ്റിനെ അറിയിക്കാനാവശ്യപ്പെട്ട് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/30.10.**2021 )**മറുപടി നൽകിയിട്ടില്ല.

## 1-14 മൊബൈൽ ടവറിന്റെ വസ്തു നികുതി ഈടാക്കിയില്ല

ഗ്രാമ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന താഴെ സൂചിപ്പിക്കുന്ന മൊബൈൽ ടവറുകളുടെ 2019-20 വർഷത്തെ വസ്തു നികുതി ഈടാക്കിയിട്ടില്ല. പ്രസ്തുത മൊബൈൽ ടവറുകളുടെ വസ്തു നികുതി 2013-14 മുതൽ കുടിശ്ശികയുണ്ട്. വിശദ വിവരം ചുവടെ

| ടവർ/കെട്ടിട നമ്പർ | വിലാസം | അസസ് ചെയ്ത വാർഷിക നികുതി +LC+SC |
|---|---|---|
| 5/354 | മാനേജർ, ബി.എസ്.എൻ.എൽ | 1600+80+80 |
| 12/363/A | മാനേജർ, ബി.എസ്.എൻ.എൽ | 9000+450+450 |
| 4/308/A | മാനേജർ, റിലയൻസ് ഇൻഫ്രാ.ലി. | 19600+980+980 |
| 15/378/A | മാനേജർ, റിലയൻസ് ഇൻഫ്രാ.ലി. | 16650+833+833 |

പ്രസ്തുത മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കാൻ സ്വീകരിച്ച നടപടിയുടെ വിവരം ഓഡിറ്റിനെ അറിയിക്കാനാവശ്യപ്പെട്ട് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/30.10.**2021 )**മറുപടി നൽകിയിട്ടില്ല. വസ്തു നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 ലൈബ്രറികളിലെ പത്രവിതരണച്ചെലവുകൾ ഗ്രാമപഞ്ചായത്ത് വഹിക്കുന്നത് നിയമപരമല്ല.

ഗ്രാമപഞ്ചായത്ത് സാംസ്കാരിക നിലയത്തിലെ പത്രവിതരണച്ചെലവ് വഹിക്കുന്നതിന്റെ കൂടെ സ്വന്തം ഉടമസ്ഥതയിൽ വരാത്ത വായനശാലകളിലെ പത്രവിതരണച്ചെലവും ഗ്രാമപഞ്ചായത്ത് വഹിക്കുന്നതായി കാണുന്നു. വിശദ വിവരം താഴെ ചേർക്കുന്നു.

| വൗച്ചർ നമ്പർ/തിയ്യതി/തുക | പത്രം നൽകിയ സ്ഥാപനം | ചെലവഴിച്ച തുക. |
|---|---|---|
| 21900152/7.6.19 - 1840 | ഗ്രാമപഞ്ചായത്ത് ഓഫീസ് | 920 |
| | മംഗളോദയം ലൈബ്രറി | 920 |
| 21900165/19.6.19 - 3290 | ഗ്രാമപഞ്ചായത്ത് ഓഫീസ് | 2350 |
| | സംഗമം വായനശാല | 940 |
| 21900393/4.10.19 - 1840 | ഗ്രാമപഞ്ചായത്ത് ഓഫീസ് | 920 |
| | മംഗളോദയം ലൈബ്രറി | 920 |
| 21900407/15.10.19 - 960 | സംഗമം വായനശാല | 960 |
| 21900666/18.1.20 - 2160 | ഗ്രാമപഞ്ചായത്ത് ഓഫീസ് | 1440 |
| | സംഗമം വായനശാല | 720 |
| 21900701/27.01.20 - 1840 | ഗ്രാമപഞ്ചായത്ത് ഓഫീസ് | 920 |
| | മംഗളോദയം ലൈബ്രറി | 920 |

ഗ്രാമപഞ്ചായത്ത് കണ്ടിജന്റ് ചെലവുകളിൽ ഉൾപ്പെടുത്തിയാണ് പത്രവിതരണത്തിന ചെലവഴിച്ചിട്ടുള്ളത്. മുകളിൽ പറഞ്ഞ ലൈബ്രറികൾ ഗ്രാമപഞ്ചായത്തിന്റെ സ്വന്തം സ്ഥാപനമോ ഗ്രാമപഞ്ചായത്തിന കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനമോ ആണെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്, പ്രൊജക്റ്റ് തയ്യാറാക്കാതെ കണ്ടിജന്റ് ചെലവുകളിൽ ഉൾപ്പെടുത്തി ഈ ചെലവുകൾ വഹിക്കുന്നതിന്ന ഗ്രാമപഞ്ചായത്തിന അധികാരം നൽകുന്ന നിയമവ്യവസ്ഥ ഏതാണെന്ന അറിയിക്കേണ്ടതാണ് എന്നീ വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 3/20.10.21) ക്കുള്ള മറുപടിയിൽ ചെലവിന്റെ സാധുത നൽകുന്ന നിയമവ്യവസ്ഥ ഏതെന്ന് വ്യക്തമാക്കിയിട്ടില്ല. ഇത്തരം ചെലവുകൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 1-16 വീട് വാസയോഗ്യമാക്കൽ - ഗുണഭോക്താക്കൾക്ക് അർഹമായ ആനുകൂല്യം നൽകുന്നില്ല.

വി.ഇ.ഒ നിർവ്വഹണം നിർവ്വഹണം നടത്തിയ താഴെ പറയുന്ന പദ്ധതികളിൽ ഗുണഭോക്താക്കൾക്ക് അർഹമായ സബ്സിഡി ലഭ്യമായിട്ടില്ല.

I) 81/19-20, വീട് വാസയോഗ്യമാക്കൽ (എസ്.സി) പദ്ധതിയിൽ 2700000 രൂപ (വികസനഫണ്ട് SCP) അടങ്കൽ വെക്കുകയും 54 ഗുണഭോക്താക്കൾക്ക് 50000രൂപ വീതം (ആകെ 2700000) വീട് റിപ്പയറിങ്ങിന് നൽകുകയും ചെയ്തിട്ടുണ്ട്.

II) 82/19-20, വീട് വാസയോഗ്യമാക്കൽ (ജനറൽ) പദ്ധതിയിൽ 2825000 രൂപ (1966077 വികസനഫണ്ട് ജനറൽ +858923 തനത്ഫണ്ട്) അടങ്കൽ വെക്കുകയും 113ഗുണഭോക്താക്കൾക്ക് 25000രൂപ വീതം വീട് റിപ്പയറിങ്ങിന് ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

പദ്ധതികളുടെ ഫയൽ പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) സ.ഉ(കൈ)നം.22/2018/തസ്വഭവ/14.02.18 ഖ.6.7 പ്രകാരം വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കുന്നതിന് പൊതു വിഭാഗത്തിന് പരമാവധി 100000 രൂപയും പട്ടികജാതി വിഭാഗത്തിന് 150000 രൂപയും നൽകാവുന്നതാണ്. എന്നാൽ എസ്.സി വിഭാഗത്തിന് 50000 രൂപയും, പൊതു വിഭാഗത്തിന് 25000രൂപയും ആണ് നൽകിയിട്ടുള്ളത്. മൂല്യ നിർണ്ണയ തുകയുടെ ചെറിയ ഭാഗം മാത്രമാണ് ഗുണഭോക്താക്കൾക്ക് നൽകിയിട്ടുള്ളത്. അർഹതാ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും ഏറ്റവും യോഗ്യരായവർക്ക് ആവശ്യമായ ധനസഹായം നൽകുന്നതിന പകരം കൂടുതൽ ഗുണഭോക്താക്കൾക്ക് ചെറിയ തുക നൽകുകയാണ് ചെയ്തിട്ടുള്ളത്. മാത്രമല്ല, പദ്ധതികൾ വർക്കിംഗ് ഗ്രൂപ്പ് മോണിറ്റർ ചെയ്തതായി കാണുന്നില്ല.

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം 2019-20 വർഷത്തിൽ വികസനഫണ്ട് ജനറൽ, എസ് സി പി എന്നിവ യഥാക്രമം 301681രൂപ, 1607948 രൂപ വീതം ചെലവഴിക്കാതെ ലാപ്സായിട്ടുണ്ട്. വീട് വാസയോഗ്യമാക്കുന്നതിന് ഉയർന്ന തുക ഗുണഭോക്താക്കൾക്ക് നൽകുന്നതിന് ഭരണസമിതി, അനുബന്ധ യോഗങ്ങളിൽ നിർദ്ദേശിക്കാറുണ്ടെന്നും, ഭാവിയിൽ മാറ്റം വരുത്താൻ ശ്രമിക്കുന്നതാണെന്നും ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6/19-20/25.10.21 ) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്.

ഗുണഭോക്തൃ ലിസ്റ്റിലുള്ള മുഴുവൻ ആളുകൾക്കും ചെറിയതുക നൽകുന്നതുവഴി ഏറ്റവും അർഹരായവർക്ക് ആവശ്യമായ ആനുകൂല്യം കിട്ടാതെ വരുന്നു. പദ്ധതി നിർവ്വഹണത്തിൽ സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്. ഭരണസമിതി ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-17 എസ്.എസ്.എ വിഹിതം നൽകൽ - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

| | | |
|---|---|---|
| പ്രോജക്റ്റ് നമ്പർ | 154/19-20 | 155/19-20 |
| പ്രോജക്റ്റിന്റെ പേര് | SSA വിഹിതം നൽകൽ (ജനറൽ) | SSA വിഹിതം നൽകൽ (എസ്.സി) |
| അടങ്കൽ | 800000 (വികസന ഫണ്ട്-ജനറൽ) | 250000 (വികസന ഫണ്ട്-SCP) |
| ചെലവ് | 800000 | 250000 |
| ബിൽ നം. തുക | 3/24.09.19 | 4/24.09.19 |
| നിർവ്വഹണം | ഹെഡ് മിസ്ട്രസ് | ഹെഡ് മിസ്ട്രസ് |

മേൽ പദ്ധതികളുടെ ചെലവ് തുകകൾ എസ്.എസ്.എ ,ജില്ലാ പ്രോജക്റ്റ് ഓഫീസർ മലപ്പുറം ന് കൈമാറിയിട്ടുണ്ട്. വിനിയോഗസാക്ഷ്യപത്രം മോണ്റ്ററിംഗ് റിപ്പോർട്ട് എന്നിവ ലഭ്യമല്ല. ആയത് എസ്.എസ്.എ യിൽ നിന്നും ലഭ്യമാക്കി ഓഡിറ്റിൽ ഹാജരാക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറി നം.05/23.10.21 ന് മറുപടി നൽകിയിട്ടുണ്ട്. സ.ഉ(കൈ) നം.11/2018/ തസ്വഭവ 29.01.2018 പ്രകാരം SSA പദ്ധതികൾ വഴി അടവാക്കുന്ന തുക, പ്രസ്തുത കാര്യത്തിന്റെ ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിനായി ചെലവഴിക്കപ്പെടുന്നുണ്ട് എന്ന് വിലയിരുത്തപ്പെടേണ്ടതാണ്. ഫണ്ട് കൈമാറുക എന്നതിനപ്പുറം

യാതൊരു നടപടിയും പഞ്ചായത്ത് സ്വീകരിക്കുന്നില്ല. SSA പദ്ധതികൾ വഴി ചെലവഴിക്കുന്ന തുക പ്രസ്തുത ലക്ഷ്യങ്ങൾ നിറവേറ്റുന്നു എന്ന് സ്ഥാപനം ഉറപ്പുവരുത്തേണ്ടതാണ്.

വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ 1050000/- (800000+250000) രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-18 തുല്യത പരീക്ഷ - പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | 238/19-20 |
| പ്രോജക്ടിന്റെ പേര് | തുല്യത പരീക്ഷ |
| അടങ്കൽ | 93850 (55500-തനത് ഫണ്ട്, 38350-ഗുണഭോക്തൃവിഹിതം) |
| ചെലവ് | 93850 |
| ചെക്ക് നം. തുക | 28889/27.03.20, 55500<br>28890/27.03.20, 38350 |
| നിർവ്വഹണം | ഹെഡ് മിസ്ട്രസ് |

തുടർ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായികേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി നടത്തുന്ന തുല്യതാ കോഴ്സുകൾക്കായി താഴെ പറയും പ്രകാരം ഡയറക്ടർ,കേരള സാക്ഷരത മിഷൻ,തിരുവനന്തപുരം ന് തുക നൽകിയിട്ടുണ്ട്.

| ക്രമ നം. | കോഴ്സിന്റെ പേര് | അധ്യയന വർഷം | പഠിതാക്കളുടെ എണ്ണം | രജിസ്ട്രേഷൻ ഫീസ്/<br>അഡ്മിഷൻ ഫീസ്/<br>കോഴ്സ് ഫീസ് | അടവാക്കിയ തുക | തുക ട്രാൻസ്ഫർ ചെയ്ത തീയതി |
|---|---|---|---|---|---|---|
| 1 | 10ാം തരം തുല്യത | 2019-20 | 19 | 19*1000=19000 (പഞ്ചായത്ത് വിഹിതം)<br>19*850=16150 (ഗുണഭോക്തൃ വിഹിതം) | 35150 | 30.03.20 |
| 2 | +1 തുല്യത | 2019-20 | 5 | 5*1000=5000 (പഞ്ചായത്ത് വിഹിതം)<br>5*1500=7500 (ഗുണഭോക്തൃ വിഹിതം) | 12500 | 30.03.20 |
| 3 | +2 തുല്യത | 2019-20 | 21 | 21*1500=31500 (പഞ്ചായത്ത് വിഹിതം)<br>21*700=14700 (ഗുണഭോക്തൃ വിഹിതം) | 46200 | 30.03.20 |

പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകളുണ്ട്.

1. പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമാക്കിയിട്ടില്ല. സാക്ഷരതാ പ്രേരക് നൽകിയ ലിസ്റ്റിൽ നിന്നാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിരിക്കുന്നത്.

2. ഗുണഭോക്തൃ വിഹിതം ഉൾപ്പെടുത്തിയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. പട്ടികയിൽ കാണിച്ച പ്രകാരം ഗുണഭോക്തൃ വിഹിതം നിർവ്വഹണ ഉദ്യോഗസ്ഥൻ പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ ഏതെല്ലാം പഠിതാക്കളിൽ നിന്നാണ്

വിഹിതം പിരിച്ചതെന്ന് വ്യക്തമല്ല. രസീത് ബുക്ക് വെച്ച് ഗുണഭോക്തൃ വിഹിതം പിരിക്കുകയോ, ഗുണഭോക്താക്കൾക്ക് രസീത് നൽകുകയോ ചെയ്തിട്ടില്ല. കേരള ഫിനാൻഷ്യൽ കോഡ്,വാള്യം I ആർട്ടിക്ക്ൾ 7(1) അനുസരിച്ച് സർക്കാരിന് ലഭിക്കാനുള്ള ഏതെങ്കിലും തുക ലഭിച്ചു കഴിഞ്ഞാൽ ലഭിച്ച തുകയ്ക്ക് രസീത് നൽകേണ്ടതാണ്.

4. പഠിതാക്കൾ ക്ലാസ് അറ്റന്റ് ചെയ്തതിന്റെയും പരീക്ഷയിൽ പങ്കെടുത്തതിന്റെയും വിശദാംശങ്ങൾ എന്നിവ സൂക്ഷിക്കുകയോ പദ്ധതിയുടെ മോണിറ്ററിംഗ് നടത്തുകയോ ചെയ്തിട്ടില്ല. അടുത്ത വർഷങ്ങളിൽ ഇക്കാര്യം ശ്രദ്ധിക്കുന്നതാണെന്ന് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.05/23.10.21) മറുപടി നൽകിയിട്ടുണ്ട്.

പദ്ധതി നിർവ്വഹണത്തിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതും പദ്ധതി ലക്ഷ്യപ്രാപ്തിയിലെത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-19 എൻആർഇജിഎസ് വേതനം അഡ്മിൻ ഫണ്ടിൽനിന്ന് ക്രമീകരിച്ചില്ല

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഓഫീസ് ജീവനക്കാർക്ക് അഡ്മിൻ ഫണ്ട് ലഭ്യമല്ലെങ്കിൽ തനത് ഫണ്ടിൽനിന്ന് മുൻകൂർ ആയി ഓണറേറിയം നൽകുകയും അഡ്മിൻ ഫണ്ട് ലഭ്യമാകുന്ന മുറക്ക് ആയത് ക്രമീകരിക്കുകയുമാണ് ചെയ്യുന്നത്. എന്നാൽ ഡിഇഒ ശ്രീ. ജിഷ്ണുവിനു ഡെയ്‌ലി വേജസ് ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തി തനത് ഫണ്ടിൽനിന്ന് ദിവസവേതനമായി കൂലി നൽകിയിട്ടുണ്ട്. മറ്റു ജീവനക്കാർക്ക് ഓണറേറിയം മുൻകൂർ ആയി നൽകുകയും അത് ക്രമീകരിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും ശ്രീ ജിഷ്ണുവിനു നൽകിയ കൂലി അഡ്മിൻ ഫണ്ടിൽനിന്ന് ക്രമീകരിച്ചില്ല. ഇപ്രകാരം 2019-20 ൽ 181410 രൂപ തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട് . ആയത് തൊഴിലുറപ്പ് പദ്ധതി അഡ്മിൻ ഫണ്ടിൽനിന്ന് ക്രമീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 15/26.10.21 ക്ക് മറുപടി ലഭ്യമാക്കിയില്ല.

## 1-20 നിർമാണ തൊഴിലാളി ക്ഷേമനിധി; കളക്ഷൻ ചാർജ് ഈടാക്കുന്നില്ല.

1996 ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വെൽഫെയർ സെസ്സ് നിയമം വകുപ്പ് 3(3) പ്രകാരം പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ ഒരു ശതമാനം ബന്ധപ്പെട്ട വർക്ക് ബില്ലിൽ നിന്നും വസൂലാക്കി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ഒടുക്കേണ്ടതാണ്. ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം ഇതിന്റെ കളക്ഷൻ ചാർജ് ഇനത്തിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ്. 2019-20 ൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹിച്ച എല്ലാ മരാമത്ത് പ്രൊജക്ടുകളുടെ ബില്ലുകളിൽ നിന്നും KCWWF വിഹിതം അടവാക്കിയിട്ടുണ്ടെങ്കിലും ആയതിന്റെ 1% നിരക്കിൽ കളക്ഷൻ ചാർജ് കുറവ് ചെയ്തിട്ടില്ല. ആയതിനാൽ ഈ ഇനത്തിൽ ഗ്രാമ പഞ്ചായത്തിന് ലഭ്യമാകുമായിരുന്ന വരുമാനം നഷ്ടമായിട്ടുണ്ട്. ഈ സാഹചര്യത്തിൽ പ്രസ്തുത തുക കണക്കാക്കി ആയത് ഗ്രാമപഞ്ചായത്തിന് തിരികെ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും, അപാകത ആവർത്തിക്കാതെ സൂക്ഷിക്കേണ്ടതുമാണ്.

അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 7/27-10-21 നംപർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-21 പട്ടികജാതി വികസന ഫണ്ട് _ 238032/- രൂപ വകമാറ്റി ചെലവഴിച്ചു.

പദ്ധതി മാർഗ്ഗരേഖ പ്രകാരം [ജി.ഒ.(എം.എസ്.)നം.22/2018/ത.സ്വ.ഭ.വ. തീയതി 14-02-2018] എസ് സി പി ഫണ്ടിന്റെ ഗുണഭോക്താക്കൾ 100% വും പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരായിരി ക്കേണ്ടതാണ്. കൂടാതെ അങ്കണവാടി അനുപൂരക പോഷകാഹാരം പദ്ധതിക്ക് വേണ്ടി വികസന ഫണ്ട് [ജനറൽ, SCP] വിഹിതം വകയിരുത്തുന്നത് കുട്ടികളുടെ എണ്ണത്തിന്/ ജനസഖ്യക്ക് ആനുപാതിക മായിരിക്കേണ്ടതാണെന്നും മാർഗ്ഗരേഖയിൽ പരാമർശിച്ചിട്ടുണ്ട്. എന്നാൽ ജനറൽ/ പട്ടികജാതി കുട്ടികളുടെ എണ്ണം/ ജനസഖ്യ പരിഗണിക്കാതെ അങ്കണവാടി അനുപൂരക പോഷകാഹാരം പ്രൊജക്ടിന് വേണ്ടി പട്ടികജാതി വികസന ഫണ്ടിൽ നിന്നും **238032/-** രൂപ അധികം ചെലവഴിച്ചിട്ടുണ്ട്. പഞ്ചായത്തിലെ രേഖകൾ പ്രകാരം ജനസംഖ്യ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ജനസംഖ്യ.

| ജനറൽ | എസ്.സി | ആകെ | എസ്.സി % |
|---|---|---|---|
| 24506 | 6000 | 30506 | 20% |

പഞ്ചായത്തിലെ രേഖകൾ/ ഐ.സി.ഡി.എസ് സൂപ്പർവൈസർ ലഭ്യമാക്കിയ രേഖകൾ എന്നിവ പ്രകാരം പഞ്ചായത്തിലെ പട്ടികജാതി ജനസംഖ്യ 20 % മാണ്. എന്നാൽ അങ്കണവാടി അനുപൂരക പോഷകാഹാരം പദ്ധതിക്ക് വേണ്ടി പട്ടികജാതി വികസന ഫണ്ട് 35% ചെലവഴിച്ചിട്ടുണ്ട്.

| പ്രൊജക്ട് | ചെലവ് (വികസന ഫണ്ട് ജനറൽ+ SCP) | | | പരമാവധി ചെലവഴിക്കാവുന്ന SCP വിഹിതം | അധികം ചെലവഴിച്ച SCP വിഹിതം |
|---|---|---|---|---|---|
| | ജനറൽ | SCP | ആകെ | | |
| അങ്കണവാടി അനുപൂരക | 1064667 | 563707 | 1628374 | 325675 | 238032 |

| | | | | | |
|---|---|---|---|---|---|
| പോഷകാഹാരം | | | | | |

പട്ടികജാതി വികസന ഫണ്ട് വകമാറ്റി ചെലവഴിച്ചത് പദ്ധതി രൂപീകരണത്തിലും, നിർവ്വഹണത്തിലും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി, പഞ്ചായത്ത് ഭരണ സമിതി, നിർവ്വഹണ ഉദ്യോഗസ്ഥ എന്നിവരുടെ ഭാഗത്തുനിന്നുള്ള വീഴ്ചയായും, പട്ടികജാതി വികസന ഫണ്ടിൽ നിന്നും 238032/-രൂപ വകമാറ്റി ചെലവഴിച്ചതായും ഓഡിറ്റ് വിലയിരുത്തുന്നു. വിശദീകരണം ലഭ്യമാക്കേണ്ടതാണ്. [ഓഡിറ്റ് എൻക്വയറി 09/29.10.2021] എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഭാവിയിൽ ഇത്തരം അപാകത പരിഹരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കി. ആയത് പാലിക്കേണ്ടതാണ്.

## 1-22 ജി.എസ്.ടി- TDS ഈടാക്കേണ്ടതാണ്.

ഗുഡ്സ് & സർവ്വീസ് ആക്ട് 2017- ലെ സെക്ഷൻ 51, 21.07.2018-ലെ 28th ജി.എസ്.ടി കൗൺസിൽ എന്നിവ പ്രകാരം 01.10.2018 മുതൽ തദ്ദേശ സ്ഥാപനങ്ങൾ വാങ്ങുന്ന സാധനങ്ങളുടെ ജി.എസ്.ടിയിന്മേൽ 2 ശതമാനം TDS ഈടാക്കേണ്ടതാണ്. എന്നാൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അനുപൂരക പോഷകാഹാര വിതരണം എന്ന പദ്ധതി പ്രകാരം അമൃതം ന്യൂട്രീമിക്സ് വാങ്ങുന്നതിന് ചെലവഴിച്ച തുകയിന്മേൽ നൽകിയ ജി.എസ്.ടി-ക്ക് TDS ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | പ്രൊജക്ട് | അമൃതം ന്യൂട്രീമിക്സ് വാങ്ങുന്നതിന് ചെലവഴിച്ച തുക | സപ്ലൈ നടത്തിയ സ്ഥാപനം |
|---|---|---|---|
| 1 | അനുപൂരക പോഷകാഹാര വിതരണം (ജനറല് 16/20) | 862848 | പവിഴം ന്യൂട്രീമിക്സ്,തുവ്വൂർ |
| 2 | അനുപൂരക പോഷകാഹാര വിതരണം (SC 17/20) | 339216 | പവിഴം ന്യൂട്രീമിക്സ്,തുവ്വൂർ |

വാങ്ങലുകൾ നടത്തുമ്പോൾ നൽകുന്ന ജി.എസ്.ടിയിന്മേൽ 2% TDSഈടാക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്. [ഓഡിറ്റ് എൻക്വയറി 8/29.10.2021]

## 1-23 ബസ് സ്റ്റാന്റിനു സ്ഥലമെടുപ്പ് - നിയമോപദേശത്തിനു തുക നൽകി - തുടർനടപടി ഉണ്ടായില്ല.

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 5.3.2019 ലെ 23(1) നമ്പർ തീരുമാനപ്രകാരം ബ്ലോക് 149 ൽ സർവ്വേ നമ്പർ 1/7-2,1/7-3 എന്നീ സർവ്വേ നമ്പറുകളിലെ 50 സെന്റ് സ്ഥലം ബസ് സ്റ്റാന്റിനു വേണ്ടി ഏറ്റെടുക്കുന്നതിനു തീരുമാനിച്ചിരുന്നു. ബസ് സ്റ്റാന്റിനു ഏറ്റെടുക്കുന്ന സ്ഥലം സംബന്ധിച്ച നിയമോപദേശം നൽകുന്നതിനായി വൗച്ചർ നമ്പർ 21900348/19.9. 19പ്രകാരം 3000 രൂപ ഗവൺമെന്റ് പ്ലീഡർക്ക് നൽകിയിട്ടുണ്ട്. ഗവൺമെന്റ് പ്ലീഡർ അനുകൂലമായ നിയമോപദേശവും നൽകിയിട്ടുണ്ട്. എന്നാൽ ബസ് സ്റ്റാന്റിനു സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച തുടർനടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. തുടർനടപടികൾ പൂർത്തീകരിച്ച് സ്ഥലം ഏറ്റെടുക്കാത്തതിനാൽ 3000 രൂപയുടെ ചെലവ് പാഴ്ചെലവായി. ഈ വിഷയത്തിൽ തുടർനടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ രേഖകൾ ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ10/29.10.21 (2019-20) -ക്ക് മറുപടി ലഭ്യമായിട്ടില്ല.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കറ്റ് കണക്കുകൾ പരിശോധിച്ച തീയ്യതി | സർട്ടിഫിക്കറ്റ് നമ്പറും |
|---|---|---|
| | | |

| | | |
|---|---|---|
| | | തിയ്യതിയും |
| 2019-20 | 18.10 2021 മുതൽ 30.10.2021 വരെ ഇവ്വൂർ ഗ്രാമ പഞ്ചായത്തിന്റെ 2019-20 വർഷത്തെ ഓഡിറ്റ് വേളയിൽ വാർഷിക ധനകാര്യപത്രിക പരിശോധിച്ചു. | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്/നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 300000 | 12/19-20, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 300000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 140250 | 21/19-20, പച്ചക്കറി കൃഷിക്ക് കൂലിച്ചെലവ് | 140250 | 0 |
| ജില്ലാ പഞ്ചായത്ത് | 300000 | 12/19-20, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 300000 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം.തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാനം ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | KURDFC ലൈഫ് ഭവന പദ്ധതി | - | 14477423 | 14477423 | 551471 | 0 | 13925952 |
| | | | | | | | |

## 4-6 ഓഡിറ്റ് റിക്കവറി.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2018-19 | 3-2 | 8835 | രാജൻ, കൺവീനർ | 119050106126/27.02.20 |
| 2018-19 | 3-3(1) | 2864 | നളൈർ ടി.കെ, കോൺട്രാക്റ്റർ | 119050106122/27.02.20 |
| 2018-19 | 3-3(2) | 8994 | റഹ്മത്തുള്ള, കോൺട്രാക്റ്റർ | 119050106525/04.03.20 |
| 2018-19 | 3-1 | 8344 | അബ്ദുൾ റസാഖ്, കോൺട്രാക്റ്റർ | 119050106586/05.03.20 |
| | | 29037 | | |

## 4-7 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 3(1) | 2006-07 | 3-71-4 | ഡെപ്പോസിറ്റ് വർക്ക് | നിയമസഭാസമിതിയുടെ പരിഗണനയിൽ |
| 2002-03 | 3(2) | 2006-07 | 3-71-3 | മുൻകൂർ വാങ്ങിയിട്ടും പ്രവർത്തി പൂർത്തിയാക്കിയില്ല | നിയമസഭാസമിതിയുടെ പരിഗണനയിൽ |
| 2014-15 | 2(1) | 2016-17 | | വസ്തുനികുതി നിർണ്ണയം – നികുതി ചോർച്ച. | നിയമസഭ സമിതിയുടെ പരിഗണനയിൽ - |
| 2015-16 | 2(2) | 2016-17 | | 2014-15മുഴുവൻ വാണിജ്യ കെട്ടിടങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തത് | 2015-16 മുതൽക്ക് ആയത് ഈടാക്കി വരുന്നതായി മറുപടി നൽകിയിട്ടുണ്ട് |
| 2011-12 2012-13 | 3(1) | 2014-15 | 4-1-4 | നിഷ്ക്രിയാസ്തികൾ അവലോകനം | നടപടികൾ തുടരുന്നു. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ വ്യക്തി | സർ ചാർജ്ജ് സർട്ടിഫിക്കറ്റ് | | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| | | | | നമ്പരും തിയതിയും | തുക | |
| 1 | 2001-02 | 3-6 | വി.വിജയൻ,സെക്രട്ടറി | LF1453/Spl.Cell/Sc/05/08/19.06.2010 | 10272 | തുക അടവാക്കിയിട്ടില്ല. |
| 2 | 2007-08 | 3-19(1) | ടി.ആർ മോഹൻകുമാർ,സെക്രട്ടറി | LF15993/Spl.Cell/CSC/D1/12Dtd.14.09.2015 | 305246+Int | 305246/- രൂപ അടവാക്കിയിട്ടുണ്ട് |

## 4-10 ഓഡിറ്റ് പ്രത്യവലോകനം.

.

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 77884291 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 61730364 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1050000 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല.

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 1050000 | റാബിയ.കെ, ഹെഡ്മിസ്ട്രസ് |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക |
|---|---|
| | |

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

-

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽനിന്നംപുറപ്പെടുവിച്ചഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവ ശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01 | കെ.എസ്.എ.എം.പി.എം.24/1348/19/10.10.19 | 02 |
| 2001-02 | കെ.എസ്.എ.എം.പി.എം.24/1348/19/11.10.19 | 03 |
| 2002-03 | കെ.എസ്.എ.എം.പി.എം.24/1348/19/11.10.19 | 03 |
| 2003-04 | എൽ.എഫ്.എം.6-1194/2008/30.10.2010 | 16 |
| 2004-05 | എൽ.എഫ്.എം.6-1195/2008/14.10.2010 | 23 |
| 2005-06 | എൽ.എഫ്.എം.6-776/2010 /02.12.2010 | 16 |
| 2006-07 | എൽ.എഫ്.എം.6-777/2010/02.5.2013 | 10 |
| 2007-08 | എൽ.എഫ്.എം.6-778/2010/19.11.2010 | 35 |
| 2008-09 | എൽ.എഫ്.എം.5-744/2012/ 06.6.2012 | 16 |
| 2009-10 | എൽ.എഫ്.എം.5-745/2012/ 07.8.2012 | 16 |
| 2010-11 | എൽ.എഫ്.എം.5-988/2013/ 31.10.2013 | 15 |
| 2011-12& 2012-13 | എൽ.എഫ്.എം.24-465/2015/ 9/04/2015 | 26 |
| 2013-14& 2014-15 | കെ.എസ്.എ.എം.പി.എം 24/1407/16 /14.06.2016 | 11 |
| 2015-16 | കെ.എസ്.എ.എം.പി.എം24/3056/16 /21.12.2016 | 11 |
| 2016-17 | കെ.എസ്.എ.എം.പി.എം24/1586/17/10.07.2018 | 6 |
| 2017-18 | കെ.എസ്.എ.എം.പി.എം(24)/1941/2018/ /14.07.2019 | 2 |
| 2018-19 | കെ.എസ്.എ.എം.പി.എം(24)/2586/2019/ /22.01.21 | 16 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**

**ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം**

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്